# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6848 — 13.07.2012 ൽ മറുപടിക്ക്

**നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ 108 ആംബുലൻസ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആംബുലൻസ് സൗകര്യം നിലവിലില്ലാത്ത താലൂക്ക് ആശുപത്രികൾ എത്രയെന്നതു സംബന്ധിച്ച് പേര് വിവരങ്ങൾ നൽകാമോ ; | (എ) തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, നേമം എന്നീ താലൂക്ക് ആശുപത്രികളിലും, കൊല്ലം ജില്ലയിൽ കുണ്ടറ താലൂക്ക് ആശുപത്രിയിലും, പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലും, എറണാകുളം ജില്ലയിൽ അങ്കമാലി, ഫോർട്ട് കൊച്ചി, ഞാറയ്ക്കൽ, പുത്തൻവേലിക്കര എന്നീ താലൂക്ക് ആശുപത്രികളിലും, തൃശ്ശൂർ ജില്ലയിലെ പുതുക്കാട് താലൂക്ക് ആശുപത്രിയിലും, ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലും, കോഴിക്കോട് ജില്ലയിൽ ഫറോക്ക് താലൂക്ക് ആശുപത്രിയിലും, കണ്ണൂർ ജില്ലയിൽ പഴയങ്ങാടി പെരിങ്ങോം എന്നീ താലൂക്ക് ആശുപത്രികളിലും, കാസർഗോഡ് ജില്ലയിൽ നീലേശ്വരം താലൂക്ക് ആശുപത്രിയിലും, ആംബുലൻസ് സൗകര്യം നിലവിലില്ല. |
| (ബി) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഉണ്ടായിരുന്ന ആംബുലൻസ് പിൻവലിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ഉപയോഗിച്ചിരുന്ന ആംബുലൻസ് അറ്റകുറ്റപ്പണികൾക്കായി ഡി.എച്ച്.എസ്. സെൻട്രൽ വർക്ക്ഷോപ്പിൽ 28.1.2011 ന് തിരിച്ചേൽപ്പിക്കുകയുണ്ടായി. വാഹനം ഇപ്പോൾ കണ്ടംനേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) പ്രസ്തുത ആശുപത്രിയിൽ ഉടൻ തന്നെ 108 ആംബുലൻസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;<br><br>(ഡി) എങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | <u>(സി)യും (ഡി) യും</u><br><br>108 ആംബുലൻസുകളുടെ സേവനം സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്റ്റിന്റെ മാനേജിംഗ് ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എൻ.ആർ. എച്ച്.എം. മുഖാന്തിരം കേന്ദ്ര എൻ.ആർ.എച്ച്.എം.ന്റെ 2012-13 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതി അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ